# മണിയങ്ങാട്ടു കുടുംബചരിത്രം

പ്രാചീന കേരള ചരിത്രത്തിൽ സാത്വിക ചിത്തനായ ഏകച്ഛ ത്രാധിപതിയായി അറിയപ്പെടുന്ന ചേരമാൻപെരുമാളുടെ വാഴ്ച യ്ക്കുശേഷം കേരളം പല നാട്ടുരാജാക്കന്മാരുടെയും ദേശവാഴിക ളുടെയും ഭരണത്തിൻകീഴിൽ ഛിന്നഭിന്നമാക്കപ്പെടുകയാണല്ലോ ഉണ്ടായത്. ഭാഗ്യവശാൽ, ഈ നാടുവാഴികളിൽ ഏറിയകൂറും ഉൽകൃ ഷ്ടകുലജാതരും ഉന്നതരും സംസാരികപാരമ്പര്യം പുലർത്തിയി രുന്നവരുമായ സുറിയാനിക്രിസ്ത്യാനികളോട് പ്രത്യേകമമതയും ആഭിമുഖ്യവും പ്രകടിപ്പിച്ചു പോന്നിരുന്നു എന്നത് ഒരു ചരിത്രസ ത്യമാണ്.

"തൈലാദിവസ്തുക്കാളശുദ്ധമായാൽ

പൗലോസ്തൊട്ടാലതുശുദ്ധമാകും"

സവർണ്ണ ഹിന്ദുക്കൾക്കിടയിൽ അക്കാലങ്ങളിൽ ഇങ്ങനെയൊ രുവിശ്വാസമുണ്ടായിരുന്നു. എണ്ണ, നെയ്യ്, മുതലായ സ്നേഹദ്രവ്യ ങ്ങൾ തീണ്ടൽമൂലം അശുദ്ധമായാൽ അതിന്മേൽ അഭിജാതനായ ഒരു സുറിയാനി ക്രിസ്ത്യാനിയുടെ കരസ്പർശമേറ്റാൽ അശുദ്ധി നീങ്ങിക്കിട്ടുമെന്നുള്ള വിശ്വാസം നിലനിന്നിരുന്നതിനാൽ പ്രബല രായ ഹൈന്ദവകുടുംബക്കാർ തങ്ങളുടെ സമീപത്ത് യഥാവസരം സേവനലഭ്യമാകത്തക്കവണ്ണം ഒന്നോരണ്ടോ സുറിയാനി ക്രൈസ്ത വകുടുംബങ്ങളെ താമസിപ്പിക്കുവാൻ താത്പര്യപ്പെട്ടിരുന്നു. മധ്യോ ത്തര തിരുവിതാംകൂർ പ്രദേശങ്ങളിൽ ഹൈന്ദവരുടെ-ക്രൈസ്ത വകുടുംബങ്ങളുടെ സമീപ്യസമ്പർക്കസഹവാസത്തിന് ഇത് ഒരു മുഖ്യപ്രചോദനമായിത്തീരുകയും ചെയ്തു.

ഐശ്വര്യദായിനിയും അമൃതവർഷിനിയുമായ മീനച്ചിലാറിന്റെ ഇരുകരകളിലുമായി വ്യാപിച്ചികിടക്കുന്ന മീനച്ചിൽ പ്രദേശം ക്രീസ്ത്വാബ്ദം 466-ൽ ഭരിച്ചിരുന്നത് മീനച്ചിൽ കർത്തൃപരമ്പര യിൽപെട്ട ഞാവക്കാട്ടുതായ്‌വഴിക്കാരനായ വല്യത്താൻ കർത്താവ് എന്ന വാഴുന്നോർ ആയിരുന്നു. പൂർവാചാരവിധികളും കീഴ്‌വഴക്ക ങ്ങളും വരവണ്ണം തെറ്റാതെ അനുഷ്ഠിക്കുന്നതിൽ ചിട്ടയും നിഷ്ഠയും ദീക്ഷിച്ചിരുന്ന അദ്ദേഹം, കൊട്ടാരക്കെട്ടിലേക്ക് എണ്ണ തൊട്ട് ശുദ്ധിയാക്കുവാൻ യോഗ്യതയുള്ള ഒരു നസ്രാണി ക്രിസ്ത്യാ നിയെ അന്വേഷിച്ച് നാനാദിക്കിലും സഞ്ചരിച്ചു, ഒടുവിൽ തോമാ ശ്ലീഹായിൽ നിന്നും ക്രിസ്തുമതം സ്വീകരിച്ച പാലയൂർ നിവാസി പകലോമറ്റം ഇല്ലത്തിൽപെട്ട കുലമഹിമയും സംസ്ക്കാരശുദ്ധിയും തികഞ്ഞ, ഔസേപ്പ് എന്ന് പേരുള്ള ഒരു നസ്രാണി ക്രിസ്ത്യാ നിയെ അവിടെ അദ്ദേഹം കണ്ടെത്തി. മീനച്ചിൽ നാടുവാഴിയുടെ സ്നേഹാദരമായ ക്ഷണം സ്വീകരിച്ച് ഔസേപ്പും കുടുംബവും ആ ദേശാധിപതിയെ അനുഗമിച്ചു.

വല്യത്താൻ കർത്താവിന്റെ നിർദ്ദേശമനുസരിച്ച് മേവടയുള്ള ഞാവക്കാട്ട് മൂലകുടുംബത്തോട് അടുത്ത് കൊല്ലപ്പള്ളി എന്ന പുര യിടത്തിൽ ഒരു വീടുപണികഴിപ്പിച്ച് ഔസേപ്പിനെ സകുടുംബം അവിടെ താമസിപ്പിച്ചു. നിർദ്ദിഷ്ടമായ എണ്ണശുദ്ധീകരണ പ്രക്രീയ മുറയ്ക്കുതുടർന്നുവരവെ , കാലവിളംബമെന്യെ, ഔസേപ്പിന്റെ അസാധാരണമായ സിദ്ധിവൈഭവങ്ങൾ, സൂക്ഷ്മദൃക്കായ നാടുവാ ഴിയുടെ ശ്രദ്ധയിൽപെട്ടു. താമസിയാതെ നാടുവഴിയുടെ പ്രധാന കാര്യക്കാരനായി ഔസേപ്പ് നിയമിക്കപ്പെടുകയും ചെയ്തു.

ഇങ്ങനെ ഔസേപ്പുകാര്യക്കാരുടെ കുടുംബം രാജപ്രീതിയിലും വിശ്വസ്തതയിലും അടിയുറച്ചുവളർന്ന് പ്രതാപൈശ്വര്യങ്ങളോടെ മേവടയിൽ ജീവിച്ചു. ഇദ്ദേഹത്തിന്റെ സീമന്തപുത്രൻ തൊമ്മൻ വിവാ ഹിതനായശേഷം മേവടയിൽതന്നെ തെക്കേൽ എന്ന പുരയിട ത്തിലേക്കു മാറി താമസിച്ചു. തെക്കേൽ താമസമാക്കിയ തൊമ്മന്റെ സന്താനപരമ്പരകളെപ്പറ്റി പൂർണ്ണമായ വിവരം നമുക്കുലഭിച്ചിട്ടില്ല. എങ്കിലും അഞ്ചാംതലമുറക്കാരനായ ഔസേപ്പ് എന്ന കാരണവർ ക്രീസ്തുവർഷം 1450-ൽ കോർപ്പള്ളി നമ്പൂതിരിയെന്ന വൻകിടജ ന്മിയുടെ കാര്യസ്ഥനായി പാലക്കാട്ടുമലയിൽ താമസിച്ചിരുന്നതായി

അറിയാൻ കഴിഞ്ഞിട്ടുണ്ട്. പ്രസിദ്ധമായ മണിയമ്പ്രാ കുടുംബ ത്തിന്റെ സ്ഥാപക പിതാവായിട്ടാണ്. ഇദ്ദേഹം അറിയപ്പെടുന്നത് മരങ്ങാട്ടുപള്ളിയിലും സമീപപ്രദേശങ്ങളിലുമായി ആവാസമുറ പ്പിച്ചിരിക്കുന്ന, പുളിക്കിയിൽ, മേൽവെട്ടം, വെട്ടം, മുതിരക്കാലാ, മാധവത്ത്, പറത്താനത്ത്, മറ്റത്തിൽ തുടങ്ങിയ നിരവധി ശാഖാ കുടുംബങ്ങൾ ഉൾക്കൊള്ളുന്ന വലിയൊരു കുടുംബസമുച്ചയമാണ് മണിയമ്പ്രാകുടുംബം. വെട്ടത്താശാൻ, ഉലഹന്നൻ മാപ്പിള എം. എൽ.സി. ഡേവിഡ്മഹാപിള്ള, എം.എ.ജോൺ ആദിയായ പ്രശ്സ്ത വ്യക്തികൾ ഈ കുടുംബ ശ്രേണിയിൽപെട്ടവരാണ്.

ഇടമുളയിലെ മണ്ണനാൽ നായർ പ്രഭുകുടുംബക്കാർ അവരുടെ തൈലശുദ്ധികരണാവശ്യത്തിനായി, മേവിടതെക്കേൽ കുടുംബ ത്തിൽ നിന്ന് ഒരംഗത്തെ, ഇടമുളയിലെ മാണിക്യത്തുകുന്നേൽ പുര യിടത്തിൽ കൊണ്ടുവന്നുതാമസിപ്പിച്ചു. കാലാന്തരത്തിൽ മാണി ക്യത്തുകുന്നേൽ കുടുംബത്തിലെ ഒരംഗം, അടുത്തുള്ള മാണിക്യ ത്താഴെ പുരയിടത്തിലേക്ക് സകുടുംബം താമസംമാറ്റി. അതുപോലെ തന്നെ മാണിക്യത്തുകുന്നേൽ കുടുംബത്തിൽനിന്ന് ഒരോകാലത്തു പിരിഞ്ഞുപോന്നിട്ടുള്ളവയാണ് താഴത്തേമുറി, നടുവിലത്തേമുറി, ഓടയ്ക്കൽ തുടങ്ങിയ ശാഖാ കുടുംബങ്ങൾ, കാഞ്ഞിരപ്പള്ളി രൂപ തയുടെ മുൻ ബിഷപ്പ് മാർ മാത്യുവട്ടക്കുഴിൽ തിരുമേനിയുടെ കുടും ബവും ഈ ശാഖാ കുടുംബങ്ങളിൽ പെട്ടതാണ്.

## മണിയങ്ങാട്ട് കുടുംബം ഉടലെടുക്കുന്നു

മാണിക്യത്താഴെ വീട്ടിൽ നിന്നും തൊമ്മൻ എന്ന കാരണവർ മണിയങ്ങാട്ടുചേരിക്കലിൽ പശ്ചിമോത്തര ദിശയിൽ ഒരു വീടു പണി യിച്ച് അവിടെ താമസമാക്കി ആ വീടിന്റെ മുൻവശത്ത് പടിപ്പുര ഉണ്ടാക്കിയതുകൊണ്ട് ആ വീടിന് മണിയങ്ങാട്ടുപടിപ്പുരയ്ക്കൽ എന്ന നാമകരണവും ചെയ്തു.

തൊമ്മൻകാരണവർക്ക് ഒരു പുത്രനും ഒരു പുത്രിയും ജനി ച്ചിട്ട് അധികാൾ കഴിയും മുമ്പ് ഭാര്യ അകാലചരമ മടഞ്ഞു. തുടർന്ന് കടനാട് പാറേമാക്കൽ ഗോവർണദോരുടെ കുടുംബത്തിൽ നിന്ന് തൊമ്മൻ പുനർ വിവാഹം ചെയ്തു. ആ വിവാഹത്തിലും രണ്ടു സന്താനങ്ങൾ ജനിച്ചു ഒരാണും ഒരുപെണ്ണും. പ്രായപൂർത്തിയായ

മുറക്ക് ആദ്യവിവാഹത്തിലെ പുത്രൻ കുര്യൻ വടക്കേപ്പറമ്പിലും രണ്ടാമത്തെപുത്രൻ ചാണ്ടി തെക്കേഭാഗത്തും താമസമാക്കി മൂത്ത പുത്രി മറിയത്തെ ഏലിക്കുളത്തുള്ള തോക്കനാട്ടു കുടുംബത്തിൽ പെട്ട അവുസേപ്പ് (ഉതുപ്പ്) വിവാഹം കഴിച്ചു. ഏറെനാൾ കഴിയും മുമ്പ് ഈ കുടംബം എലിക്കുളത്തു നിന്ന് മണിയങ്ങാട്ടു തറവാടിന ടുത്ത് വടക്കേക്കുറ്റു വന്നു താമസിച്ചു. ഈ കുടുംബശൃംഖലയിൽ പെട്ടവയാണ്, വടക്കേക്കുറ്റ്, തെക്കേക്കുറ്റ്, വടക്കേൽ, വലിയ കരോ ട്ട്, കൊച്ചുകരോട്ട് എന്നീ കുടുംബക്കാർ.

തൊമ്മൻകാരണവരുടെ രണ്ടാമത്തെ പുത്രിയെ ഇടമറ്റത്തെ വയലക്കൊമ്പു കുടുംബത്തിൽ പെട്ട നരിതൂക്കിൽ മത്തായി എന്ന കുടുംബനാഥൻ വിവാഹം ചെയ്തു.

മണിയങ്ങാട്ടുകുടംബത്തിന്റെ സ്ഥാപകപിതാവായ തൊമ്മന്റെ സീമന്തപുത്രൻ വടക്കുവശത്തും ദ്വിതീയ പുത്രൻ ചാണ്ടി തെക്കു വശത്തുമായി താമസിച്ചകാര്യം ഇതിനുപരിപ്രസ്തവിച്ചിട്ടുണ്ടല്ലോ. കുര്യൻ വടക്കേ മണിയങ്ങാട്ട് എന്ന കുടുംബനാമവും ചാണ്ടി മണി യങ്ങാട്ടു പടിപ്പുരയ്ക്കൽ എന്ന ഗൃഹനാമവുമാണ് സ്വീകരിച്ചത്.

വടക്കേമണിയങ്ങാട്ടു കുര്യന് രണ്ടു പുത്രന്മാരും രണ്ടു പുത്രി മാരുമാണ് സന്താനങ്ങളായുണ്ടായിരുന്നത്.

ഇവരിൽ മൂത്തമകൻ തൊമ്മൻ തൈക്കുന്നുംപുറത്തു പുരയി ടത്തിലും ഇളയമകൻ മാത്യു തറവാട്ടിലും താമസിച്ചു. മൂത്തമകളെ കൊഴുവനാൽ ഇടവകയിൽ വലിയപറമ്പിൽ യൗസേപ്പും ഇളയമ കളെ കടപ്ലാമറ്റം ഇടവക പഴപ്ലാക്കിയിൽ തൊമ്മനും വിവാഹം കഴിച്ചു.

മണിയങ്ങാട്ട് പടിപ്പുരയ്ക്കൽ ചാണ്ടിയ്ക്ക് തൊമ്മൻ, ലൂക്കാ എന്ന രണ്ടു പുത്രന്മാരും ഒരു പുത്രിയും ജനിച്ചു. അവരിൽ മൂത്ത പുത്രൻ തൊമ്മൻ തറവാട്ടിലും രണ്ടാമത്തെ മകൻ ലൂക്കാ മണിയ ങ്ങാട്ട് നിരപ്പേൽ പുരയിടത്തിലും (പിന്നീട് കുന്നുംപുറം എന്ന് അറി യപ്പെട്ടു.) താമസമാക്കി. ഏക പുത്രിയെ മേവട ഐക്കര വീട്ടിൽ വിവാഹം ചെയ്തു. ഐക്കരയിൽ നിന്ന് കൊഴുവനാൽ വന്ന് തണ്ണി പ്പാറ കുടുംബം എന്ന പേരിൽ താമസം തുടങ്ങി.

മണിയങ്ങാട്ടുതാഴെ തറവാട്ടിൽ താമസിച്ചിരുന്ന അവിരാ, തൊമ്മൻ-ഏലി ദമ്പതികളുടെ ഇളയ പുത്രനും ചാണ്ടി, തൊമ്മൻ, കുര്യൻ എന്നിവരുടെ അനുജനുമായിരുന്നു. ഇദ്ദേഹം അയർക്കുന്നം തൊണ്ടും പള്ളി വീട്ടിൽ നിന്ന് ഏലിയെ വിവാഹം ചെയ്തു. മറി യാമ്മ എന്ന ഏക പുത്രിജനിച്ച് അധികനാൾ കഴിയും മുമ്പ്. അവിരാ അകാലചരമമടഞ്ഞു.

പ്രായ പൂർത്തിയായ മുറയ്ക്ക് മറിയാമ്മയെ അതിരമ്പുഴ പടി പ്പുരയ്ക്കൽ വർക്കി വിവാഹം കഴിച്ച് ഭാര്യാ ഗൃഹത്തിൽ താമസമാ ക്കി. ഈ ദമ്പതികൾക്ക് നാലു പുത്രിമാരും രണ്ടുപുത്രന്മാരും ജാത രായി. മറിയാമ്മയുടെ മാതാവ് ഏലി 1958 ആഗസ്റ്റ് 24-നും മറിയാ മ്മയുടെ ഭർത്താവ് വർക്കി 1945 ഫെബ്രുവരി 13-നും മറിയാമ്മ 1984 ആഗസ്റ്റ് 19-നും പരലോകപ്രാപ്തരായി.

മറിയാമ്മ-വർക്കി ദമ്പതികളുടെ മൂത്തമകൾ മാമ്മി ആരാധന മഠത്തിൽ ചേർന്നു സന്യാസിനിയായി സി.ക്ലാവൂദിയാ എന്ന സന്യാസ നാമം സ്വീകരിച്ചു. സി. ക്ലാവൂദിയാ 1989 ജൂൺ 12-ാം തീയതി കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചു.

രണ്ടാമത്തെ മകൾ ഏലി കിഴപറയാർ വടാശേരിൽ ജോസ ഫിന്റെ കുടുംബിനിയായി. ഏലി ജോസഫ് ദമ്പതികൾക്ക് പാപ്പ ച്ചൻ, ചിന്നമ്മ, അപ്പച്ചൻ എന്നു മൂന്നുമക്കളുണ്ട്.

മൂന്നാമത്തെ മകൾ മറിയക്കുട്ടിയെ പൈങ്ങുളം നടയത്തുവീ ട്ടിൽ ആഗസ്റ്റിൻ (കുഞ്ഞ്) വിവാഹം കഴിച്ചു. പെണ്ണാമ്മ, ലീലാമ്മ, സിസിലി, ജോസ്, ജോർജ്ജ്, എന്നിവർ മക്കളായുണ്ട്.

മറിയാമ്മ-വർക്കി ദമ്പതികളുടെ കനിഷ്ഠ പുത്രി ത്രേസ്യാമ്മ അരുവിത്തുറ കണ്ടത്തിൻ കരയിൽ വർക്കിയുടെ പത്നിയാണ്. ഇവർക്ക് ജോണി, ചാക്കോച്ചൻ, സേവ്യർകുട്ടി, മേരി എന്നു നാലു മക്കൾ.

മറിയാമ്മ-വർക്കി ദമ്പതികളുടെ മൂത്തപുത്രൻ ആന്റണി (കുഞ്ഞാപ്പൻ) പാലാ കരൂർ മംഗലത്തിൽ ദേവസ്യാ മകൾ ഏലി ക്കുട്ടിയെ സഹധർമ്മിണിയാക്കി, ഈ കുടുംബം വെള്ളത്തൂവൽ കുത്തുപാറയിലേക്കു കുടിയേറി, ഈ ദമ്പതികൾക്ക് അഞ്ചുമക്കൾ.

ഇവരുടെ മൂത്തമകൾ മേരി 36-ാം വയസ്സിൽ 1988 മാർച്ച് 13-ാം തീയതി നിര്യതയായി.

രണ്ടാമത്തെ മകൾ ക്ലാരമ്മ കോതമംഗലം നെടുമ്പുറത്തു ജോയിയുടെ ജീവിത പങ്കാളിയാണ്.

മൂന്നാമത്തെ മകൾ ആലീസിന്റെ ഭർത്താവ് കല്ലൂർക്കാട്ട് പ്ലാത്തോട്ടത്തിൽ ബേബിയാണ്.

ആന്റണി-ഏലിക്കുട്ടി ദമ്പതികളുടെ മൂത്ത മകൻ തോമ്മാച്ചൻ 15-ാം വയസ്സിൽ 1974 ജൂലൈ 4-ന് ചരമ മടഞ്ഞു.

ആന്റണി-ഏലിക്കുട്ടി ദമ്പതികളുടെ രണ്ടാമത്തെ മകൻ ജോസഫ് (ബേബി) പോത്തനിക്കാട്ട് ചക്കാലയ്ക്കൽ കുടുംബാംഗമായ സോളിയെ ജീവിത പങ്കളിയാക്കി. ഈ ദമ്പതികൾക്ക് എബിൻ, സ്നേഹാ, ദയ എന്നു മൂന്നു മക്കളുണ്ട്.

ഈ കുടുംബനാഥൻ ആന്റണി 1965 മെയ് 29-ന് ഇഹലോകവാസംവെടിഞ്ഞു.



**മണിയങ്ങാട്ട് താഴെ (പടിപ്പുരയ്ക്കൽ) കുടുംബം**

1. മറിയാമ്മ-വർക്കി ദമ്പതികളുടെ രണ്ടാമത്തെ പുത്രൻ അബ്രാഹം പാലാ കിഴക്കേക്കര താഴത്തുവീട്ടിൽ കുഞ്ഞേപ്പിന്റെ മകൾ മറിയക്കുട്ടിയെ പരിണയിച്ചു. ഈ ദമ്പതികൾക്ക് എട്ടുമക്കൾ ജനിച്ചു.

മൂത്തമകൾ മേരി 1962 ആഗസ്റ്റ് 15-ന് സമാപ്തചരിതയായി. മൂത്തമകൻ ജോർജ്ജ് (അപ്പച്ചൻ) പാലക്കാട്ടുമലപറത്താനത്തു ജോസഫ് അന്നമ്മ മകൾ മോളിയെ സ്വകുടുംബിനിയായി, ഇവർക്ക് ജീയോ, ജിസ്, ജിമ്മി, ജിബി എന്നു നാലുമക്കളുണ്ട്. പിതാവ് ജോർജ്ജ് ഹൈസ്കൂൾ അധ്യാപകനാണ്.

അബ്രാഹം-മറിയക്കുട്ടി ദമ്പതികളുടെ രണ്ടാമത്തെ മകൻ ജോസഫ് സ്വന്തം ദൈവ വിളിതിരിച്ചറിഞ്ഞ് സലേഷ്യൻ സഭയിൽ ചേർന്ന് 1990-ഡിസംബർ 26-ാം തീയതി പൗരോഹിത്യ പട്ടം സ്വീകരിച്ച് ആന്ധ്രപ്രദേശ്, ഹൈദരാബാദ് പ്രോവിൻസിൻ മിഷനറിയായി സേവനം അനുഷ്ഠിക്കുന്നു. അബ്രാഹം-മറിയക്കുട്ടി ദമ്പതികളുടെ മൂന്നാമത്തെ മകൻ സണ്ണി (ആന്റണി) ആനക്കല്ല് കൊച്ചുപറമ്പിൽ ദേവസ്യ-മേരി മകൾ മറിയാമ്മയെ ജീവിതപങ്കാളിയാക്കി. ഇവർക്ക് എബി, റ്റിസ എന്ന രണ്ടു മക്കളാണുള്ളത്.

അബ്രാഹം-മറിയക്കുട്ടി ദമ്പതികളുടെ നാലാമത്തെമകൻ അബ്രാഹം (തങ്കച്ചൻ) തോടനാൽ പാറേക്കാട്ടിൽ ആന്റണി-കുഞ്ഞമ്മ മകൾ ജെസ്സിയെ പാണിഗ്രഹണം ചെയ്തു. ഇവർക്ക് ജിന്റോ, ജിതിൻ എന്നു രണ്ടു പുത്രന്മാരുണ്ട് അബ്രാഹവും ജെസ്സിയും അദ്ധ്യാപകരാണ്.

അഞ്ചാമത്തെ മകൻ ബേബിച്ചൻ കടപ്ലാക്കൽ ജേക്കബ്-പെണ്ണമ്മ മകൾ സിന്ധുവിനെ വിവാഹം കഴിച്ചു. ഇവർക്ക് മെറിൻ എന്നൊരു കുട്ടിയുണ്ട്. ബേബിച്ചനും സിന്ധുവും ഇംഗ്ലണ്ടിൽ ജോലിയിലിരിക്കുന്നു.

ആറാമത്തെ മകൻ ഡൊമിനിക്ക് (ബെന്നി) ഇരവിമംഗലം പാലക്കുഴിയിൽ കുര്യാക്കോസ്-ത്രേസ്യാമ്മ മകൾ റെനിയെ പാണിഗ്രഹണം ചെയ്തു. ഇവർക്ക് മാനുവൽ, ചെസ്സിൽ എന്ന രണ്ടു പുത്രന്മാരുണ്ട്.

അബ്രാഹം-മറിയക്കുട്ടി ദമ്പതികളുടെ ഇളയ മകൾ റെജിയെ കൊതനല്ലൂർ പള്ളിപ്പറമ്പിൽ ജോസഫ്-ഏലി മകൻ റോയി സ്വകുടുംബിനിയായി വരിച്ചു. ഇവർക്ക് റോണി എന്ന ഒരു മകനുമുണ്ട്. ഇവർ ഇംഗ്ലണ്ടിൽ താമസിക്കുന്നു. ഈ എട്ടു മക്കളുടെ പിതാവായ അബ്രാഹം (കുഞ്ഞൂട്ടി) 1984 ആഗസ്റ്റ് 11-ാം തീയതി പരലോകപ്രാപ്തനായി.